بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 26.02.16 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*26.02.16 ന് ബൈത്തുൽ ഫുതുഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

## നമ്മളിൽ ഭക്തിയും ദൈവഭയവുമുണ്ടെങ്കിൽ, നമ്മൾ ഭക്തിയും ദൈവഭയവും നമ്മുടെ ഉള്ളിൽ ഉണ്ടാക്കുകയാണെങ്കിൽ അപ്പോഴാണ് നമ്മുടെ വിജയങ്ങളുണ്ടാകുന്നത്. ഈ അവസ്ഥ ഉണ്ടാകുമ്പോൾ മലക്കുകൾ നമ്മുടെ വഴി സമനിരപ്പാക്കിക്കൊണ്ടുപോകുന്നതാണ്.

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

ലോകത്ത് നിരവധിയാളുകൾ നിരർഥവും അനാവശ്യവുമായ ധാരാളം കാര്യങ്ങൾ പറയാറുണ്ട്. ചിലയാളുകൾ തമാശയിൽ ആരോടെങ്കിലും വ്യർഥമായ കാര്യങ്ങൾ പറയും. അതുപിന്നീട് വഴക്കിനും കലഹത്തിനും കാരണമാകും. ചിലപ്പോൾ ഒരുഫലവുമില്ലാത്ത കാര്യങ്ങൾ മജ്ലിസുകളിൽ പറയപ്പെടാറുണ്ട്. കേവലം ഒരു സംസാരം എന്ന നിലയിലും വർത്തമാനം പറയാറുണ്ട്. ചിലപ്പോൾ മറ്റുള്ളവർക്ക് വിഷമത്തിനു കാരണമാകുംവിധം കുത്തുവാക്കുകളും പറയുന്നു. അല്ലെങ്കിൽ ആർക്കും ഒരു ഗുണവും ചെയ്യാത്തതും സമയം പാഴാക്കുന്നതുമായ കാര്യങ്ങളും പറഞ്ഞുവിടുന്നു. 'ലഗ്വ്' എന്നതിന്റെ നിഘണ്ടുപരമായ അർഥം വ്യർഥമായതും നിഷ്ഫലമായതുമായ സംസാരം എന്നാണ്. അല്ലെങ്കിൽ ചിന്തിക്കുകയോ മനസ്സിലാക്കുകയോ ചെയ്യാതെ പറയുക എന്നാണ്. അല്ലെങ്കിൽ ഒന്നിനും കൊള്ളാത്തതും വിഡ്ഢിത്തപരവുമായ സംസാരത്തിനാണ്. വിശുദ്ധ ഖുർആനിൽ അല്ലാഹു അത്തരം കാര്യങ്ങളിൽനിന്ന് അതായത് വ്യർഥമായ കാര്യങ്ങളിൽനിന്ന് സത്യവിശ്വാസികളെ തടഞ്ഞിരിക്കുന്നു.

മുഅ്മിന്റെ അടയാളം പറഞ്ഞിട്ടുള്ളത് അവർ വ്യർഥമായ എന്തെങ്കിലും കണ്ടാൽ അതിനടുത്തൂടെ കടന്നുപൊയ്ക്കളയുമെന്നാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: സ്ത്രീകൾ പൊതുവേ വ്യർഥമായ കാര്യങ്ങളിലേക്ക് നോക്കുന്നവരാണ്. ഹുദൂർ പറഞ്ഞു, ഇക്കാലത്ത് പുരുഷന്മാരുടേയും അവസ്ഥ ഇതുതന്നെയാണ്. ഉദാഹരണത്തിന് സ്ത്രീകൾ ഒരു ആവശ്യവുമില്ലാതെ മറ്റു സ്ത്രീകളോടു ചോദിച്ചുകൊണ്ടിരിക്കുന്നു: ഈ വസ്ത്രം എത്രയ്ക്കാണ് വാങ്ങിയത്? ഇത്തരം ചെറിയ ചെറിയ കാര്യങ്ങളും വ്യർഥമായ കാര്യങ്ങളാണ്. ഈ ആഭരണം പണികഴിപ്പിച്ചതെവിടെന്നാണ്? ഇക്കാര്യങ്ങൾ കേവലം ഭൗതികങ്ങളാണ്. അതിൽ ഒരു ഫലവുമില്ല. ചിലപ്പോൾ അടുത്തിരിക്കുന്ന സ്ത്രീകളിൽ അതിന്റെ ദുസ്സ്വാധീനവുമുണ്ടായിക്കൊണ്ടിരിക്കും. അതിന്റെ പൂർണമായിട്ടുള്ള ഹിസ്റ്ററി അറിയാത്തിടത്തോളം സ്ത്രീകൾക്ക് ഉറക്കം വരികയില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയാറുണ്ടായിരുന്നു, ഒരു സ്ത്രീ മോതിരം ഉണ്ടാക്കിച്ചു. പക്ഷേ, ആരും അത് ശ്രദ്ധിച്ചില്ല. അവൾ പൊറുതിമുട്ടി വീടിന് തീ വച്ചു. എന്തെങ്കിലും ബാക്കിയായിട്ടുണ്ടോ എന്ന് ആളുകൾ ചോദിച്ചു. ഈ മോതിരമല്ലാതെ മറ്റൊന്നും ബാക്കിയായിട്ടില്ലെന്ന് അവർ പറഞ്ഞു. സോദരീ! നീ മോതിരം എവിടെന്നാണ് ഉണ്ടാക്കിച്ചതെന്ന് അപ്പോൾ ഒരു സ്ത്രീ ചോദിച്ചു. ഇത് നല്ല ഭംഗിയുണ്ടല്ലോ? അപ്പോൾ ആ സ്ത്രീ പറഞ്ഞു,'ഈ ചോദ്യം നീ ഇന്നലെ ചോദിച്ചിരുന്നെങ്കിൽ എന്റെ വീട് രക്ഷപ്പെട്ടേനെ!' ഈ ശീലം പുരുഷന്മാരിലുമുണ്ട്. ഒരുകാരണവുമില്ലാതെ ചോദ്യവും ഉത്തരവുംകൊണ്ട് നടക്കുന്നു. അസ്സലാമു അലയ്ക്കും പറഞ്ഞുടനെ എവിടന്നു വന്നു എവിടെ പോകുന്നു, വരുമാനം എന്തുണ്ട് എന്ന് ചോദിച്ചുകൊണ്ടിരിക്കും. ഇക്കാര്യത്തിൽ വീഴേണ്ട ആവശ്യമെന്താണ്? ഇങ്ങനെ പരസ്പരം ചോദിച്ചുനടക്കുന്ന ശീലം അതായത് എവിടെയാണ് ജോലി, എവിടംവരെ പഠിച്ചിട്ടുണ്ട്, ശംബളം എത്രയാണ് എന്നിങ്ങനെ ചുഴിഞ്ഞു നടക്കുന്ന ശീലം പാശ്ചാത്യൻ ജനതകളിലല്ല.

വ്യർഥമെന്ന് പറഞ്ഞാൽ മറ്റുള്ളവർക്ക് നാശമുണ്ടാക്കുന്നതെന്ന് മാത്രമല്ല. പ്രത്യുത നിഷ്ഫലമായ എല്ലാ കാര്യങ്ങളും 'ലഗ്വിയാത്ത്' അഥവാ വ്യർഥങ്ങളാണ്. മുഅ്മിൻ സംസാരിക്കുമ്പോൾ ഉദ്ദേശ്യത്തോടും എല്ലാത്തരം വ്യർഥമായ കാര്യങ്ങളിൽനിന്നകന്നും സംസാരിക്കുക എന്നത് നിബന്ധനയാണ്. അതുകൊണ്ട് ഒരു സത്യവിശ്വാസി തന്റെ ജീവിതശൈലിയും പെരുമാറ്റവും മറ്റുള്ളവർക്ക് പ്രയോജനപ്പെട്ടും മറ്റുള്ളവർക്ക് ഉപകാരം ചെയ്തും തന്റെ വില ഉണ്ടാക്കുന്നതിന് ശ്രമിക്കേണ്ടതാണ്. അത് പരിമിതമായ വിലയായിരിക്കരുത്. അവന്റെ അടുത്ത ബന്ധുമാത്രം അവനെ ഓർത്ത് കരയുന്നവരാകരുത്. പ്രത്യുത അവൻ വസിക്കുന്ന പ്രദേശത്ത് അവൻ താമസിക്കുന്ന സമൂഹത്തിൽ എല്ലാവരിലും അവനെക്കുറിച്ച് മതിപ്പുണ്ടാകണം.

അല്ലാഹുവുമായിട്ടുള്ള ബന്ധംതന്നെയാണ് യഥാർഥത്തിൽ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നത്. ഈ ബന്ധം തഖ്‌വയിലൂടെയാണ് വളരുന്നത്. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചുകൊണ്ട് ശരിയായ ഇസ്‌ലാമികാധ്യാപനമനുസരിച്ച് ജീവിക്കണമെന്ന് വാദിക്കുന്ന അഹ്മദികളായ നമ്മൾ ആ ജീവിതം നയിക്കുന്നതിനുവേണ്ടി എല്ലാ അവസ്ഥയിലും അല്ലാഹുവിലേക്കുതന്നെ നോക്കേണ്ടതാണ്. അവ

നുമായിത്തന്നെ ബന്ധം സ്ഥാപിക്കേണ്ടതുമാണ്. നമ്മുടെ വിജയമൊരിക്കലും ഭൗതിക കാര്യങ്ങൾകൊണ്ട് നടക്കുകയില്ല. നമ്മളിൽ ഭക്തിയും ദൈവഭയവുമുണ്ടെങ്കിൽ, നമ്മൾ ഭക്തിയും ദൈവഭയവും നമ്മുടെ ഉള്ളിൽ ഉണ്ടാക്കുകയാണെങ്കിൽ അപ്പോഴാണ് നമ്മുടെ വിജയങ്ങളുണ്ടാകുന്നത്. ഈ അവസ്ഥ ഉണ്ടാകുമ്പോൾ മലക്കുകൾ നമ്മുടെ വഴി സമനിരപ്പാക്കിക്കൊണ്ടുപോകുന്നതാണ്. ഇൻശാ അല്ലാഹ്. അതുകൊണ്ട് നമ്മളിലോരോരുത്തരും ചിന്തിക്കേണ്ട ആവശ്യമുണ്ട്. അതായത് തഖ്‌വ ഉണ്ടാക്കുന്നതിനുവേണ്ടി നമ്മൾ ശ്രമിക്കേണ്ടതാണ്. അല്ലാഹുവുമായി ബന്ധമുണ്ടാക്കേണ്ടതാണ്.

ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹിൽ അസീസ് രാജാവിന്റെ മുമ്പിൽ അറിവുകേടും അജ്ഞതയുംകൊണ്ട് യാഥാർഥ്യവുമായി പുലബന്ധംപോലുമില്ലാത്ത കാര്യം വിവരിച്ച ഒരു പീറിന്റെ ഉപദേശക്കഥ വിവരിക്കുകയുണ്ടായി. ഈ ഉപദേശക്കഥ വിവരിച്ചതിനുശേഷം ഹുദൂർ അയ്യദഹുല്ലാഹ് നമ്മെ ഉപദേശിച്ചുകൊണ്ടു പറഞ്ഞു:'എല്ലാ മുബല്ലിഗുമാരും മാന്യന്മാരുടെ മജ്‌ലിസിൽ ചെന്നിരിക്കാൻ അത്യാവശ്യമായ ഭൂമിശാസ്ത്രം, ചരിത്രം, ഗണിതം, വൈദ്യം, സംസാരമര്യാദ, സദസ്സിന്റെ മര്യാദ തുടങ്ങിയ കാര്യങ്ങളിലുള്ള അറിവുകൾ കരസ്ഥമാക്കിയിരിക്കേണ്ടതാണ്. ഇത് ദുഷ്കരമായ കാര്യമൊന്നുമല്ല. അല്പം അധ്വാനംകൊണ്ട് ഇക്കാര്യം കരസ്ഥമാക്കാവുന്നതാണ്. ഇതിനുവേണ്ടി ഓരോന്നിന്റേയും പ്രാഥമിക പുസ്തകങ്ങൾ വായിക്കേണ്ടതാണ്. ഇക്കാലത്ത് നമ്മുടെ മുറബ്ബിമാരോട് വർത്തമാനകാല സംഭവങ്ങളെ സംബന്ധിച്ച് ചോദ്യങ്ങൾ ചോദിക്കപ്പെടുന്നു. പക്ഷേ, ചില മുറബ്ബിമാർക്ക് പത്രങ്ങളും മറ്റും സ്ഥിരമായി വായിക്കാത്തതിനാൽ അറിവുണ്ടാകുകയില്ല. അല്ലെങ്കിൽ വാർത്തകൾ കേൾക്കാത്തതുകൊണ്ട് അറിവുണ്ടാകുകയില്ല. അല്ലെങ്കിൽ ചിലകാര്യങ്ങളുടെ ആഴത്തിലേക്ക് ഇറങ്ങിച്ചെന്നിട്ടുണ്ടാകുകയില്ല. അതുകൊണ്ട് ലൗകികർ മോശമായ ഫലമായിരിക്കും അതിൽനിന്നെടുക്കുന്നത്. അതിനാൽ വർത്തമാന കാല അവസ്ഥകളെക്കുറിച്ച് അറിവുണ്ടാകണം. ഏതു മജ്‌ലിസുകളിൽ പോകുകയാണെങ്കിലും അതിനെ കുറിച്ചുള്ള അറിവ് തീർച്ചയായും കരസ്ഥമാക്കിയിരിക്കേണ്ടതാണ്.

ഹുദൂർ അയ്യദഹുല്ലാഹ് ഒരു ഉപദേശക്കഥ വിവരിച്ചു: ഒരാൾക്ക് രണ്ടു മക്കളുണ്ടായിരുന്നു. ചെറിയവൻ തന്റെ ഓഹരിയെല്ലാം വാങ്ങി വീട്ടിൽനിന്ന് പോയി. സുഖാഢംബരജീവിതംകൊണ്ട് തന്റെ പണമെല്ലാം തീർന്നു. വളരെ വിഷമത്തോടെ വീട്ടിലേക്ക് മടങ്ങി. പിതാവ് അവന് പൊറുത്തുകൊടുത്തു. അവനെ ആദരിക്കുകയും ചെയ്തു. ഈ ഉപദേശക്കഥ വിവരിച്ചതിനുശേഷം ഹുദൂർ നമ്മെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു, 'ആരാണോ തെറ്റു സമ്മതിക്കുകയും ആ തെറ്റിനുശേഷം അല്ലാഹുവിന്റെ സന്നിധിയിൽ പോകുകയും അവന്റെ മുമ്പിൽ കുനിയുകയും തന്റെ തെറ്റ് ഏറ്റു പറയുകയും ലജ്ജ പ്രകടിപ്പിക്കുകയും ചെയ്യുന്നത് തീർച്ചയായും അല്ലാഹു അവന്റെ പശ്ചാത്താപം സ്വീകരിക്കുന്നു. ആദ്യത്തെക്കാൾ കൂടുതൽ അവനിൽ കരുണ ചൊരിയുന്നു. അല്ലാഹുവിന്റെ സിഫത്തുകൾ സ്വായത്തമാക്കിക്കൊണ്ട് തന്റെ സഹോദരങ്ങളോടു നല്ല നിലയിൽ മുഅ്മിനും പെരുമാറേണ്ടതാണ്. അവൻ സത്യഹൃദയത്തോടെ മാപ്പു ചോദിക്കാൻ വരികയാണെങ്കിൽ, തെറ്റുകൾ സമ്മതിക്കുകയാണെങ്കിൽ അവനോടു വിട്ടുവീഴ്ചയോടെ പെരുമാറേണ്ടതാണ്. അതിനോടൊപ്പം അവനുവേണ്ടി ദുആയും ചെയ്യേണ്ടതാണ്.

മനുഷ്യന്റെ പെരുമാറ്റം ഏതവസ്ഥയിലും ശക്തമായിരിക്കേണ്ടതാണ്. ചിലപ്പോൾ അങ്ങോട്ടും ചിലപ്പോൾ ഇങ്ങോട്ടും ചാഞ്ചാടിക്കളിക്കാൻ പാടില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നു, ഒരു രാജാവ് ഒരിക്കൽ വഴുതനങ്ങ തിന്നു. അയാൾക്കത് നല്ലവണ്ണം ഇഷ്ടപ്പെട്ടു. അദ്ദേഹത്തിന്റെ കൂടെ താമസിക്കുന്ന ഒരാൾ ഉണ്ടായിരുന്നു. അയാൾ വഴുതനങ്ങയെ സ്തുതിച്ച് പറയാൻ തുടങ്ങി. അയാളെ ക്കൊണ്ട് കഴിയുന്നതൊക്കെ അയാൾ പറഞ്ഞു. ഇതുകാരണത്താൽ രാജാവിന് വഴുതനങ്ങയോടു താൽപര്യമുണ്ടാകുകയും കുറെ നാൾ അതുതന്നെ തിന്നുകയും ചെയ്തു. വഴുതനങ്ങ ചൂടാണ്. ഒരു ദിവസം രാജാവിന് സുഖമില്ലാതായി. അപ്പോൾ രാജാവ് വഴുതനങ്ങ വളരെ മോശമാണെന്ന് പറഞ്ഞു. കൂടെ താമസിക്കുന്നയാൾ അതിന്റെ ദോഷങ്ങൾ പറയാൻ തുടങ്ങി. 'ഇന്നലെ നീ അതിനെ പുകഴ്ത്തിനടന്നു, ഇന്നതിനെ മോശപ്പെടുത്തുന്നതെന്താണ്' എന്ന് ആരോ അയാളോടു ചോദിച്ചു. കുറഞ്ഞ പക്ഷം അതിന്റെ സത്യാവസ്ഥ പറയുക. അപ്പോൾ അയാൾ പറഞ്ഞു, 'ഞാൻ രാജാവിന്റെ ജോലിക്കാരനാണ്; വഴുതനങ്ങയുടെ ജോലിക്കാരനല്ല.' ഇക്കാലത്ത് നമ്മൾ മുസ്‌ലിം ലോകത്ത് പൊതുവെ കാണുന്നത് ഇതുതന്നെയാണ്. അതുകണ്ടിട്ട് നമ്മൾ പാഠം പഠിക്കേണ്ടതാണ്. സ്വഭാവത്തിന്റെ അടിസ്ഥാനത്തിലും പെരുമാറ്റത്തിന്റെ അടിസ്ഥാനത്തിലും എറ്റവും ശക്തമായ പങ്ക് മുസ്‌ലീംകളുടേതായിരിക്കേണ്ടതാണ്. പക്ഷേ, ദൗർഭാഗ്യംകൊണ്ട് സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും അധഃപതിച്ചത് ഇവരാണ്. സത്യസന്ധതയിൽ നില്ക്കുന്ന പ്രശ്നംതന്നെ ഉദിക്കുന്നില്ല. ശരിയും തെറ്റും മുന്നിൽവച്ച് പിന്നീട് തങ്ങളുടെ അഭിപ്രായം പറയുകയും ശരിയായ തീരുമാനം നല്കുകയും ചെയ്യുക എന്നതാണ് സത്യസന്ധത.

ഹുദൂർ അയ്യദഹുല്ലാഹ് ജമാഅത്തംഗങ്ങളെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു, 'അല്ലാഹുമായിട്ടുള്ള ബന്ധംതന്നെയാണ് പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നത്. ഈ ബന്ധം തഖ്‌വ കൊണ്ടാണ് വളരുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) നെ വിശ്വസിച്ചുകൊണ്ട് ശരിയായ ഇസ്‌ലാമികാധ്യാപനമനുസരിച്ച് ജീവിക്കുമെന്നാണ് അഹ്മദികളായ നമ്മുടെ വാദം. അങ്ങനെ ജീവിക്കുന്നതിന് എല്ലാ അവസ്ഥയിലും അല്ലാഹുവിലേക്ക് നോക്കേണ്ടതാണ്. അവനുമായി ബന്ധം സ്ഥാപിക്കേണ്ടതാണ്. നമ്മുടെ വിജയമൊരിക്കലും ഭൗതികകാര്യങ്ങളാൽ ഉണ്ടാകുകയില്ല. അതുകൊണ്ട് നമ്മുടെ ഉള്ളിൽ ഭക്തിയും ദൈവഭയവും ഉണ്ടാക്കുകയാണെങ്കിൽ അപ്പോഴാണ് നമ്മുടെ വിജയങ്ങൾ. ഈ അവസ്ഥ ഉണ്ടാകുമ്പോൾ മലക്കുകൾ നമ്മുടെ വഴി സമനിരപ്പാക്കിക്കൊണ്ടുപോകുന്നതാണ്. ഇൻശാ അല്ലാഹ്

അതുകൊണ്ട് നമ്മളിലോരോരുത്തരും ചിന്തിക്കേണ്ട ആവശ്യമുണ്ട്. തഖ്‌വ ഉണ്ടാക്കുന്നതിന് നമ്മൾ പരിശ്രമിക്കേണ്ടതാണ്. അല്ലാഹുവുമായി ബന്ധമുണ്ടാക്കേണ്ടതാണ്. ഒരു

ലൗകികന്, ലൗകികനുമായിട്ടുള്ള ബന്ധം ഫലം ചെയ്യുമെങ്കിൽ അല്ലാഹുമായിട്ടുള്ള ബന്ധം അതിനെക്കാൾ ആയിരങ്ങളും ലക്ഷങ്ങളും ഇരട്ടി ഫലമെത്തിക്കുന്നതാണ്. അതുകൊണ്ട് മനുഷ്യർ അല്ലാഹുവുമായി കൂട്ടുകൂടേണ്ടതാണ്. അവനെ സ്നേഹിക്കേണ്ടതാണ്. മനുഷ്യൻ, തന്നെ അല്ലാഹുവിന്റെ കൈയിൽ ഏല്പിച്ചുകൊടുക്കുകയും അവൻ എങ്ങോട്ടു കൊണ്ടുപോകുന്നുവോ അങ്ങോട്ടു പോകുകയും ചെയ്യുക എന്നതാണ് പുരോഗതിയുടെ വഴി.

ഒരു സത്യവിശ്വാസിയുടെ ഉദാഹരണമെന്താണ്? സത്യസന്ധനായ സുഹൃത്തുമായിട്ടാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) സത്യവിശ്വാസിയെ ഉദാഹരിക്കുന്നത്. അവിടന്ന് കേൾപ്പിക്കാറുണ്ടായിരുന്നു. ഒരു സമ്പന്നനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മകന് ദുർനടപ്പുകാരായ കുറച്ചു കൂട്ടുകാരുണ്ടായിരുന്നു. ഈ സുഹൃത്തുക്കൾ നിന്റെ ഗുണകാംക്ഷികളല്ലെന്നും വെറും അത്യാഗ്രഹംകൊണ്ടാണ് നിന്റെയടുത്ത് വരുന്നതെന്നും നിന്നോടു അവർക്ക് ഒരു കൂറുമില്ലെന്നും അദ്ദേഹം തന്റെ മകന് മനസ്സിലാക്കിക്കൊടുത്തു. എന്നാൽ, മകൻ തന്റെ പിതാവിനോടു പറഞ്ഞു,'താങ്കൾക്ക് ഒരു യഥാർഥ സുഹൃത്തിനേയും ഇതുവരെ കിട്ടിയിട്ടില്ലെന്നാണ് മനസ്സിലാകുന്നത്. അതുകൊണ്ടാണ് താങ്കൾ എല്ലാവരേയും സംബന്ധിച്ച് ഇങ്ങനെ ധരിക്കുന്നത്. എന്റെ സുഹൃത്തുക്കളാരും താങ്കൾ വിചാരിക്കുന്ന പോലുള്ളവരല്ല. അവർ വളരെ കൂറുള്ളവരാണ്. എനിക്കുവേണ്ടി ജീവൻ ബലിയർപിക്കാൻവരെ തയ്യാറാണ്.' സത്യസന്ധരായ സുഹൃത്തുക്കളെ കിട്ടാൻ വിഷമമാണന്നും തന്റെ ജീവിതത്തിൽ ഒരേയൊരു സുഹൃത്തിനെ മാത്രമേ കിട്ടിയിട്ടുള്ളുവന്നും പറഞ്ഞ് പിതാവ് വീണ്ടും അവന് മനസ്സിലാക്കിക്കൊടുത്തു. പക്ഷേ, ആ മകൻ തന്റെ പിടിവാശിയിൽ ഉറച്ചുനിന്നു. കുറച്ചു കാലത്തിനുശേഷം അവൻ വീട്ടിൽനിന്ന് ചെലവിന് കുറച്ചു പണം ചോദിച്ചു. പിതാവ് പറഞ്ഞു, 'നിന്റെ ചെലവ് എനിക്ക് വഹിക്കാൻ പറ്റുകയില്ല. നീ നിന്റെ സുഹൃത്തുക്കളോടു ചോദിക്കുക. എന്റെ കൈയിൽ ഇപ്പോൾ ഒന്നുമില്ല.' വാസ്തവത്തിൽ പിതാവ് അവന്റെ സുഹൃത്തുക്കളെ പരീക്ഷിക്കാനുള്ള ഒരു അവസരം അവനുണ്ടാക്കിക്കൊടുക്കാൻ ആഗ്രഹിക്കുകയായിരുന്നു. പിതാവ് ഈ മറുപടി നല്കിയപ്പോൾ എല്ലാ സുഹൃത്തുക്കൾക്കും ഇക്കാര്യം മനസ്സിലാകുകയും അവരെല്ലാവരും അവന്റെയടുത്തുള്ള വരവും പോക്കും നിറുത്തുകയും ചെയ്തു. അവനുമായുള്ള കൂടിച്ചേരലും ഉപേക്ഷിച്ചു. അവസാനം പൊറുതിമുട്ടി സ്വയം കൂട്ടുകാരുടെ അടുക്കൽ പോകാൻ തുടങ്ങി. ഏതൊരു സുഹൃത്തിന്റെ വീട്ടിൽപ്പോയി മുട്ടിവിളിച്ചാലും അവരെല്ലാവരും താനിവിടെ ഇല്ലെന്ന് പറയാൻ ഉള്ളിൽനിന്ന് ആളെ അയച്ചു. അല്ലെങ്കിൽ സുഖമില്ലാതെ കിടക്കുകയാണെന്ന് പറഞ്ഞയക്കും. അങ്ങനെ പകൽമുഴുവൻ അവൻ ചുറ്റിക്കറങ്ങി. ഒരു സുഹൃത്തും അവനെ കാണാൻ വെളിയിൽ വന്നില്ല. അവസാനം വൈകുന്നേരം വീട്ടിൽ തിരിച്ചെത്തി. സുഹൃത്തുക്കൾ എന്താണ് സഹായിച്ചതെന്ന് പിതാവ് അവനോടു ചോദിച്ചു. അവൻ പറഞ്ഞു, എല്ലാവനും ഹറാമ് തിന്നുന്നവനാണ്. ഓരോരുത്തനും ഓരോ ഒഴികഴിവ് പറഞ്ഞ് മുങ്ങി. അവർ കൂറില്ലാത്തവരാണെന്ന് ഞാൻ നിന്നോടു പറഞ്ഞില്ലേ എന്ന് പിതാവ് അവനോടു ചോദിച്ചു. എന്തായാലും നിനക്കും അറിയാൻ കഴിഞ്ഞത് നല്ലതുതന്നെ. ഇനി നീ എന്റെ കൂടെ വരിക, ഞാൻ എന്റെ സുഹൃത്തിനെ നിനക്ക് പരിചയപ്പെടുത്തിത്തരാം. ഈ പിതാവും മകനും പിതാവിന്റെ സുഹൃത്തിന്റെ വീട്ടിലെത്തി. വാതിലിൽ മുട്ടി വിളിച്ചു. അയാൾ താൻ വരുന്നുവെന്ന് ഉള്ളിൽനിന്ന് വിളിച്ചു പറഞ്ഞു. അയാൾ വെളിയിൽ വരാൻ കുറേ താമസിച്ചു. വാതിൽ തുറക്കാൻ ആരും വന്നില്ല. മകന്റെ മനസ്സിൽ പലവിധത്തിലുള്ള വിചാരങ്ങളുണ്ടാകാൻ തുടങ്ങി. അവൻ പിതാവിനോടു പറഞ്ഞു, 'അബ്ബാജീ! താങ്കളുടെ സുഹൃത്തും എന്റെ സുഹൃത്തുക്കളെപ്പോലെ തന്നെയാണെന്ന് മനസ്സിലാകുന്നു.' പിതാവ് പറഞ്ഞു, അല്പ സമയം ക്ഷമിക്കുക. അങ്ങനെ കുറച്ചു സമയം കഴിഞ്ഞു. അയാൾ വാതിൽ തുറന്ന് പുറത്തുവന്നു. അപ്പോൾ അയാളുടെ കഴുത്തിൽ വാൾ തൂക്കിയിട്ടിട്ടുണ്ടായിരുന്നു. ഒരു കൈയിൽ ഒരു സഞ്ചി പിടിച്ചിട്ടുണ്ടായിരുന്നു. രണ്ടാമത്തെ കൈകൊണ്ടു ഭാര്യയുടെ തോളിലും പിടിച്ചിട്ടുണ്ടായിരുന്നു. വാതിൽ തുറന്നുടനെ അയാൾ പറഞ്ഞു, 'മാപ്പാക്കിയാലും! അങ്ങയ്ക്ക് ഒരുപാട് ബുദ്ധിമുട്ടുണ്ടായി. എനിക്ക് പെട്ടെന്ന് വരാൻ കഴിഞ്ഞില്ല. എനിക്കു പെട്ടെന്ന് വരാൻ കഴിയാതിരുന്നത്, വാതിലിൽ മുട്ടി വിളിച്ചപ്പോൾ ഇന്ന് താങ്കൾ നേരിട്ടു വന്നതുകൊണ്ട് എന്തോ പ്രത്യേകകാര്യമുണ്ടെന്ന് എനിക്ക് മനസ്സിലായി. ഇല്ലെങ്കിൽ ഏതെങ്കിലും ജോലിക്കാരെ അയച്ചാൽ മതിയല്ലോ? ഞാൻ വാതിൽ തുറക്കാൻ മുതിർന്നപ്പോൾ എനിക്കുടനെ ഓർമവന്നു എന്തെങ്കിലും മുസ്വീബത്തുണ്ടായിട്ടുണ്ടാകുമെന്ന്. ഈ മൂന്നു വസ്തുക്കൾ എന്റെ കൈയിലുണ്ടായിരുന്നു. ഒന്ന് വാളാണ്. ഒന്നു സഞ്ചി. അതിൽ എന്റെ ഒരു വർഷത്തെ സമ്പാദ്യമാണ്. ഒന്ന് എന്റെ ഭാര്യ. താങ്കളുടെ ഭാര്യക്ക് എന്തെങ്കിലും ബുദ്ധുമുട്ടുണ്ടെങ്കിൽ അവൾ സേവനം ചെയ്യാൻ സന്നദ്ധയാണ്. വാതിൽ തുറക്കാൻ താമസിച്ചത് സഞ്ചി മണ്ണിൽ കുഴിച്ചിട്ടിരിക്കുകയായിരുന്നു. അതെടുക്കാൻ വൈകിയതാണ്. ജീവൻ സമർപിക്കേണ്ട ആവശ്യമുണ്ടെങ്കിലെന്നോർത്താണ് വാളെടുത്തത്.' ആ സമ്പന്നൻ പറഞ്ഞു: എന്റെ സുഹൃത്തെ എനിക്ക് ഇപ്പോൾ ആരുടേയും സഹായം വേണ്ട. എനിക്കൊരു മുസ്വീബത്തും ഇപ്പോൾ ഉണ്ടായിട്ടില്ല. ഞാൻ വന്നത് എന്റെ മകനെ പാഠം പഠിപ്പിക്കാൻവേണ്ടി മാത്രമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയാറുണ്ടായിരുന്നു: 'ഇതാണ് സത്യസന്ധമായ സുഹൃത്ത്ബന്ധം. ഇതിനെക്കാളുപരി മനുഷ്യൻ അല്ലാഹുവുമായി സുഹൃത്ത് ബന്ധം സ്ഥാപിക്കേണ്ടതാണ്. അവൻ തന്റെ ജീവനും സ്വത്തും തന്റേതായ എല്ലാ വസ്തുക്കളും അല്ലാഹുവിനുവേണ്ടി ത്യാഗംചെയ്യാൻ എപ്പോഴും സന്നദ്ധനായിരിക്കണം. സുഹൃത്ത് ചിലപ്പോൾ നമ്മൾ പറയുന്നത് സമ്മതിക്കും, ചലപ്പോൾ നമ്മളെക്കൊണ്ട് അവൻ പറയുന്നത് സമ്മതിപ്പിക്കും. ഇപ്രകാരം സത്യഹൃദയത്തോടും വിശാലഹൃദയത്തോടും കൂടി അല്ലാഹുവിന്റെ വഴിയിൽ ത്യാഗങ്ങൾ ചെയ്തുകൊണ്ടുപോകേണ്ടത് മനുഷ്യന്റെ നിർബന്ധ കടമയാണ്. അല്ലാഹു നമ്മുടെ എത്രയെത്ര കാര്യങ്ങളാണ് അംഗീകരിക്കുന്നത്. രാവും പകലും അവൻ നല്കിയ അനുഗ്രഹങ്ങളിൽനിന്ന് നമ്മൾ പ്രയോജനമെടുക്കുന്നു.

അവൻ നമ്മുടെ സന്തോഷത്തിനും സൗഖ്യത്തിനുംവേണ്ടി ഉണ്ടാക്കിയിട്ടുള്ള വസ്തുക്കൾ നമ്മൾ ഉപയോഗിക്കുന്നു. എന്ത് അവകാശത്തിന്റെ അടിസ്ഥാനത്തിലാണ് നമ്മൾ ഈ വസ്തുക്കളിൽനിന്ന് ഫലമെടുക്കുന്നത്. അല്ലാഹു നമ്മുടെ എത്ര ആഗ്രഹങ്ങളാണ് പൂർത്തിയാക്കിത്തരുന്നത്. ഇനി ഒന്നോ അരയോ നമ്മുടെ ആഗ്രഹത്തിനെതിരാണെങ്കിൽ ആളുകൾ എത്രപെട്ടെന്നാണ് അല്ലാഹുവിനെക്കുറിച്ച് ദുർഭാവന വെച്ചു പുലർത്തുന്നത്. യഥാർഥ ബന്ധം എന്താണെന്ന് വെച്ചാൽ ബുദ്ധിമുട്ടാണെങ്കിലും എളുപ്പമാണെങ്കിലും രണ്ട വസ്ഥയിലും അടിയുറച്ചു നില്ക്കുക. അതിൽ ഒരു വ്യത്യാസവും വരാൻ പാടില്ല.

അതിനാൽ നമസ്കാരത്തിനോടുള്ള കടമ നിറവേറ്റാത്തവർ ആത്മപരിശോധന നടത്തേണ്ടതാണ്. ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന് പ്രതിജ്ഞ ചെയ്തിട്ട് പൂർത്തിയാക്കാത്തവരും അഹ്മദിയ്യത്ത് കാരണത്താൽ മാത്രമാണ് തനിക്കിവിടെ പൗരത്വം കിട്ടിയതെന്ന യാഥാർഥ്യം മറന്നിട്ടുള്ളവരും കൂടുതൽ കൂടുതൽ ജമാഅത്തിന് സേവനം ചെയ്യാൻ മുന്നിലേക്ക് വരേണ്ടതാണ്.

ഹുദൂർ അയ്യദഹുല്ലാഹ് ഉൾക്കാഴ്ചാഭരിതമായ തന്റെ ഖുത്ബയുടെ അവസാനം നമ്മളെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: 'ഇന്ന് നമ്മൾ അല്ലാഹുവിന്റെ സ്നേഹത്തിൽ വിലയം പ്രാപിച്ചതും അല്ലാഹുവിന്റെ സന്ദേശത്തെ ലോകത്ത് പ്രചരിപ്പിക്കുമെന്ന് പ്രതിജ്ഞ ചെയ്ത് എഴുന്നേറ്റുനിന്നിട്ടുള്ളതുമായ ഒരു വ്യക്തിയെ വിശ്വസിക്കുന്നുവെന്നും അല്ലാഹുവിന്റെ പ്രിയപ്പെട്ട നബി(സ)തിരുമേനിയുടെ സത്യസന്ധനായ ദാസന് ബയ്അത്ത് ചെയ്തുവെന്നും വാദിക്കുന്നുവരാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വരവോടെ അല്ലാഹുവിന്റെ വാഗ്ദാനം പൂർത്തിയായെന്നും നബി(സ)തിരുമേനിയുടെ പ്രവചനം പുലർന്നുവെന്നും ഇസ്‌ലാം അതിന്റെ പുനരുദ്ധാരണ ഘട്ടത്തിൽ പ്രവേശിച്ചുവെന്നും ഇനി ഹദ്റത്ത് മസീഹ് മൗഊദ്(അ)മുഖേന ഇത് ലോകത്തിന്റെ എല്ലാ കോണുകളിലും എത്തുമെന്നും ഇന്ന് നമ്മൾ മനസ്സിലാക്കുന്നെങ്കിൽ, ഈ ജോലിയിൽ നമ്മൾ അദ്ദേഹത്തെ സഹായിക്കുമെന്നു അദ്ദേഹത്തോടു പറഞ്ഞാണ് ബയ്അത്ത് പ്രതിജ്ഞചെയ്തിട്ടുള്ളതെന്നോർക്കുക. അപ്പോൾ നമ്മളിലുള്ള എല്ലാവിധ കഴിവുകളോടും കൂടി -അത് കുറച്ചാകട്ടെ കൂടുതലാകട്ടെ-നമ്മളും അവിടത്തെ വിളിക്ക് ഉത്തരം നല്കിക്കൊണ്ട് മുന്നോട്ടു വരേണ്ടതാണ്. അല്ലാഹുവിനോടും അവന്റെ റസൂലിനോടും അവന്റെ മസീഹിനോടുമുള്ള നമ്മുടെ സ്നേഹത്തിന്റെ പ്രകടനം കാഴ്ചവെക്കേണ്ടതാണ്. നമ്മുടെ അവസ്ഥകളിൽ പരിശുദ്ധ മാറ്റം വരുത്തേണ്ടതാണ്. നമ്മുടെ കൂറിന്റെ നിലവാരം ഉയർത്തേണ്ടതാണ്. ആ ദരിദ്രനായ സുഹൃത്ത് തന്റെ സമ്പന്നനായ സുഹൃത്തിനുവേണ്ടി തയ്യാറായിരുന്നതുപോലെ എല്ലാ ത്യാഗങ്ങൾക്കും നമ്മൾ തയ്യാറായിരിക്കേണ്ടതാണ്. അല്ലാഹു അതിനു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 26.02.16
Malayalam Translation : **Moulvi Mohammed Ismail Alleppey**, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala